"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്തിലെ ശ്രീമതി. ഉഷ.എ ,ദേവിക ഭവൻ എന്ന അപേക്ഷകയെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും, അനർഹരെ ഒഴിവാക്കുന്നതിനും അനുമതി നൽകി കൊണ്ട് തുടർ നടപടി സ്വീകരിക്കാൻ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.89/2025/LSGD തീയതി,തിരുവനന്തപുരം, 09-01-2025

---

പരാമർശം:-
1. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 13/06/2024 ലെ 4456/സി.സി/2019/ലൈഫ് നമ്പർ കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർ ഡിനേഷൻ കമ്മിറ്റിയുടെ 05/12/2024 ലെ ഖണ്ഡിക 4.40 തീരുമാനം.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്തിലെ ശ്രീമതി. ഉഷ. എ, ദേവിക ഭവൻ ലൈഫ് 2020 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ലൈഫ് മാനദണ്ഡപ്രകാരമുള്ള പരിശോധനയിൽ ഭവന നിർമ്മാണ ധനസഹായത്തിന് അർഹതയുള്ള ഗുണഭോക്താവാണെന്ന് കണ്ടെത്തുകയും ഗ്രാമസഭ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റ് ഡേറ്റ എൻട്രി നടത്തുന്ന വേളയിൽ അതേ പേരിലുള്ള ശ്രീമതി. ഉഷ, ശ്രുതി വിലാസം പി.എം.എ.വൈ പദ്ധതി പ്രകാരം ധനസഹായം ലഭിച്ചതുമൂലം ഒഴിവാക്കേണ്ട അംഗത്തെ തെറ്റായി ഉൾപ്പെടുത്തുകയും, ശ്രീമതി. ഉഷ. എ, ദേവിക ഭവൻ- നെ ഗുണഭോക്തൃപട്ടികയിൽ നിന്നും ഒഴിവാക്കുകയും ചെയ്തു. പേരിലെ സാദൃശ്യം മൂലം സംഭവിച്ച പിശക് ബോദ്ധ്യപ്പെട്ടതിനാൽ, ആയത് പരിഹരിച്ച് ശ്രീമതി. ഉഷ. എ യെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കരവാര ഗ്രാമപഞ്ചായത്ത് തീരുമാനമെടുക്കുകയും, ശ്രീമതി. ഉഷ. എ, ദേവിക ഭവൻ നെ ലൈഫ് അർഹരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും, പി.എം.എ.വൈ പദ്ധതി പ്രകാരം ധനസഹായം ലഭിച്ച ശ്രീമതി. ഉഷ, ശ്രുതി വിലാസത്തെ അനർഹരുടെ ലിസ്റ്റിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാൻ പരാമർശം 1 പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ്

ഓഫീസർ ശിപാർശ ചെയ്യുകയും ചെയ്തു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05/12/2024 ലെ യോഗം ഈ വിഷയം പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്തിലെ ശ്രീമതി. ഉഷ.എ ദേവിക ഭവൻ നെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും, ധനസഹായത്തിന് അനർഹയായ ശ്രീമതി ഉഷ, ശ്രുതി വിലാസത്തെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നൊഴിവാക്കുന്നതിനും അനുമതി നൽകി കൊണ്ട് തുടർ നടപടി സ്വീകരിക്കാൻ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, കരവാരം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

ശ്രീമതി. ഉഷ എ., ദേവിക ഭവൻ( സെക്രട്ടറി, കരവാരം ഗ്രാമപഞ്ചായത്ത് മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്.

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 10-01-2025 10:11:11
സെക്ഷൻ ഓഫീസർ